

# ആദിവാസി ഗ്രാമപഞ്ചായത്തിനായി സമരം തുടരും

**ആദിവാസി ഗോത്ര മഹാസഭ നേതാവ് സി.കെ.ജാനു ജയിൽ മോചിതയായ ഉടനെ പുറത്തിറക്കിയ പ്രസ്താവനയുടെ പൂർണ്ണരൂപം**

ജനിച്ച മണ്ണിനും, ആദിവാസി ഗ്രാമപഞ്ചായത്തിനും വേണ്ടി ജീവൻ ത്യജിച്ചും സമരം തുടരേണ്ടതുണ്ടെന്നാണ് മുത്തങ്ങ സംഭവങ്ങൾ ബോധ്യമാക്കുന്നത്. ജനിച്ച മണ്ണിൽ ജീവിക്കാനുള്ള ആദിവാസികളുടെ മൗലീകമായ അവകാശത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് മുത്തങ്ങയിൽ വെടിവെപ്പിലൂടെ മുഖ്യമന്ത്രി ആന്റണി ശ്രമിച്ചത്. ഈ നടപടി ആദിവാസികൾക്കെതിരെ മാത്രമല്ല, ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദളിതർക്കും, ഭൂരഹിതരായ ദരിദ്രർക്കും മറ്റെല്ലാ പാവപ്പെട്ടവർക്കും എതിരായുള്ള വെല്ലുവിളി കൂടിയാണ്. ആദിവാസികൾ ആർക്കെതിരെയും അക്രമണം അഴിച്ചുവിട്ടിട്ടില്ല. അത് ഗോത്രമഹാ സഭയുടെ പരിപാടിയുമല്ല. പക്ഷേ, ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശം സ്ഥാപിക്കുന്നതിനു വേണ്ടി എല്ലാ തരം സായുധ ശക്തിക്കു മുന്നിലും ഇച്ഛാശക്തിയോടെ ഉറച്ചു നിൽക്കണമെന്നാണ് ആദിവാസികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി ആന്റണിയെ അസ്വസ്ഥനാക്കുന്നത് ആദിവാസികളുടെ ബോധത്തിലുള്ള ഈ വളർച്ചയാണ്. മുത്തങ്ങയിലെ പോലീസ് നടപടിക്ക് ശേഷം ഏതൊരു കുറ്റവാളിയെയും പോലെ വസ്തുതകൾ മൂടിവെക്കാനാണ് മുഖ്യമന്ത്രി ആന്റണി ശ്രമിക്കുന്നത്. ഒരു ശത്രുരാജ്യത്തിനെതിരെ നടത്തുന്ന സൈനീക നടപടിയെ ഓർമ്മിപ്പിക്കുന്ന പോലീസ് സേനാ നീക്കം നിരാലംബരായ നൂറുകണക്കിന് ആദിവാസികൾക്കെതിരെ എന്തിന് നടത്തി എന്നതിന് ആന്റണി സർക്കാരിന് ഇപ്പോഴും വ്യക്തമായ വിശദീകരണമില്ല. ഒരു കുടുംബത്തെ പോലും സമാധാനപരമായി അറസ്റ്റ് ചെയ്ത് നീക്കാനുള്ള ശ്രമം ഫെബ്രുവരി 19ന് നടന്ന പോലീസ് നടപടിക്കിടയിൽ ഒരിക്കൽ പോലും ഉണ്ടായിട്ടില്ല. സ്വന്തം കാലിൽ നിൽക്കാൻ ശ്രമിക്കുന്ന ദുർബല വിഭാഗങ്ങളെ അമർച്ച ചെയ്യുകയെന്ന വംശീയ ബോധം മാത്രമായിരുന്നു പോലീസ് നടപടിക്കു പിന്നിലെ താല്പര്യമെന്ന് വ്യക്തം. നിരായുധരായ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ആവർത്തിച്ച് വെടിയുതിർത്തിട്ടും ഒരാൾ മാത്രമാണ് കൊല്ലപ്പെട്ടതെന്ന കേരള സർക്കാരിന്റെ വിശദീകരണം ഇന്നാരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. സ്ത്രീകളും കുട്ടികളുമുൾപ്പെടെ 30– ഓളം പേർ ഇനിയും തിരിച്ചെത്തിയിട്ടില്ല. ഇതിലും എത്രപേർ കുഴിച്ചു മൂടപ്പെട്ടു എന്ന് ഇനിയും വെളിവാക്കപ്പെടാനിരിക്കുന്നതേയുള്ളൂ. അധികാര പ്രമത്തത മനോരോഗത്തിന്റെ സീമയിലെത്തിയതിന്റെ ഉദാഹരണം മാത്രമാണ് 31 കൊച്ചുകുഞ്ഞുങ്ങളെ ജയിലടച്ച സംഭവം. ഭരണ നിർവ്വഹണ സംവിധാനവും മറ്റെല്ലാ ജനാധിപത്യ സംവിധാനങ്ങളും ഇതോടെ അപഹാസ്യമാക്കിമാറ്റപ്പെട്ടു. നിയമവിരുദ്ധമായ കസ്റ്റഡിയിലെടുക്കപ്പെട്ട നിരവധി സ്ത്രീകളെ മർദ്ധിച്ചവശരാക്കിയതിന് ശേഷം 3 ദിവസത്തോളം മുത്തങ്ങ ഫോറസ്റ്റ് ഐ.ബിയിൽ വെച്ച് ബലാൽസംഗം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്ത ഫോറസ്റ്റ് ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും സർക്കാർ ഉത്തരവ് അക്ഷരം പ്രതി നടപ്പാക്കുക മാത്രമാണ് ചെയ്തതെന്നാണ് മുഖ്യമന്ത്രിയുടെ ഭാഷ്യം. വയനാട്ടിലും കണ്ണൂർ ജില്ലയിലുള്ള തെരുവുകളിലും കോളനികളിലും സാധാരണ പൗരന്മാരെ പോലെ ആദിവാസികൾ നിർഭയം സഞ്ചരിക്കാനും ജീവിക്കാനും കഴിയാത്ത സ്ഥിതിയുണ്ടാക്കിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും മുഖ്യമന്ത്രി ആന്റണിക്കോ, മന്ത്രി സുധാകരനോ ഒഴിഞ്ഞുമാറാൻ കഴിയില്ല. പോലീസ് നടപടിയും തുടർന്നുള്ള എല്ലാ അതിക്രമങ്ങളും മുഖ്യമന്ത്രിയുടേയും മന്ത്രി സുധാകരന്റേയും നേരിട്ടുള്ള അറിവോടെയാണെന്നത് അനിഷേധ്യമായ വസ്തുതയാണ്. ഏതൊരു കുറ്റവാളിയെയും പോലെ സ്വാഭാവികമായ ആത്മരക്ഷാനടപടികളുടെ ഭാഗമായാണ് ഗോത്രമഹാസഭാ പ്രവർത്തകർക്കൊപ്പം സമരവുമായി യാതൊരു ബന്ധവുമില്ലാത്ത ഡയറ്റ് അദ്ധ്യാപകൻ കെ. കെ. സുരേന്ദ്രൻ, ഏഷ്യാനെറ്റ് റിപ്പോർട്ടർ രാംദാസ് എന്നിവർക്കെതിരെ കള്ളക്കേസുകൾ ചമച്ചത്. മുത്തങ്ങയിലെ മനുഷ്യാവകാശലംഘനം മറച്ചുവെക്കാൻ ആദിവാസി സമരത്തിന് പി.ഡബ്ലിയു.ജി. ബന്ധം സ്ഥാപിച്ചെടുക്കാനുള്ള നികൃഷ്ടമായ ചില നടപടികൾ സർക്കാർ കൈക്കൊണ്ടതായി ഇപ്പോൾ വ്യക്തമായിട്ടുണ്ട്. ആദിവാസി ഗോത്രസഭാപ്രവർത്തകർ മുമ്പൊരിക്കലും കാണുകയോ കേൾക്കുകയോ പോലും ചെയ്യാത്ത കാർത്തികേയൻ എന്ന ചെറുപ്പക്കാരനെ ഫെബ്രുവരി 22ന് പാലക്കാട്ട് നിന്നും കസ്റ്റഡിയിലെടുക്കുകയും ബത്തേരിയിൽ എത്തിച്ചതിന് ശേഷം മൂന്ന് ദിവസം ഒരു മുറിയിൽ പൂട്ടിയിടുകയുണ്ടായി. ജനകീയ ചെറുത്തുനില്പ് വേദി എന്ന സംഘടനയുടെ പ്രവർത്തകനായ ഇയാളെ മുത്തങ്ങ വനഭൂമിയിൽ നടത്താനിരുന്ന ഒരു "ഏറ്റുമുട്ടൽ" കൊലപാതകത്തിലെ ബലിമൃഗമാക്കാനാണ് അനധികൃതമായി കസ്റ്റഡിയിൽ വച്ചിരുന്നതെന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്. കാർത്തികേയനെ പാലക്കാട്ട് നിന്ന് അറസ്റ്റ് ചെയ്ത വാർത്ത ചില പത്രമാധ്യമങ്ങൾ പുറത്തുവിട്ടു എന്നതുകൊണ്ട് മാത്രമാണ് മുത്തങ്ങയിൽ ഒരു "നക്സലൈറ്റ് ഏറ്റുമുട്ടൽ" കൊലപാതകം ഒഴിവാക്കപ്പെട്ടത്. മുഖ്യമന്ത്രി ആന്റണിയും വനംവകുപ്പ് മന്ത്രി സുധാകരനും ഒരു നിമിഷം പോലും അധികാരത്തിൽ തുടരാൻ അർഹതയുള്ള

(ശേഷം പേജ് 27)



# കുടിവെള്ളം മുട്ടാതിരിക്കാൻ...

വേനൽ വന്നെത്തിയിരിക്കുന്നു. വല്ലാത്ത പുഴുക്കവും വേവലും. മുമ്പൊക്കെ വേനലെന്നു പറഞ്ഞാൽ വെറുമൊരു പാള വിശറി കൊണ്ട് നേരിടാമായിരുന്ന പ്രശ്ന മായിരുന്നു കേരളീയന്. മലർവാകയും കണിക്കൊന്നയും പൂപൊലിക്കുന്ന ചാരുത യാർന്ന വേനലിനെക്കുറിച്ചുള്ള സങ്കൽപ്പം ഇന്നു കേരളീയന്റെ മനസ്സിന് ഉൾക്കൊ ള്ളാനാവില്ല.

ഓരോ വർഷം കഴിയുന്തോറും വേനൽ കൂടുതൽ രൂക്ഷമായ അനുഭവമായി മാറുകയാണ്. ഏറ്റവും മുഖ്യമായ പ്രശ്നം കുടിവെള്ള ക്ഷാമം തന്നെ.

നാം തന്നെ നമ്മുടെ മഹത്തായ വികസന പ്രവർത്തനങ്ങളുടെയും പിരഷ്കാര ങ്ങളുടെയും ഭാഗമായി ഉണ്ടാക്കിത്തീർത്തതാണ് ഈ പ്രശ്നം.

വർഷക്കാലത്ത് പെയ്യുന്ന മഴവെള്ളത്തെ വലിച്ചെടുത്ത് ഉള്ളിൽ ശേഖരിച്ചുവെച്ച് മഴപെയ്യാത്ത വേനലിൽ ഉറവകളും അരുവികളുമായി നാട്ടിന്നു ചുരത്തിക്കൊടുക്കു ന്നത് മലകളാണെന്ന് നമുക്കറിയാഞ്ഞിട്ടല്ല. പല കാരണങ്ങൾ പറഞ്ഞ് നമ്മൾ കാടാട കാടൊക്കെ വെട്ടിനിരത്തി. മരം മുടിഞ്ഞ മലകളിൽ നിന്നെങ്ങിനെ ഉറവുകളുണ്ടാകും?

കാടു മാത്രമല്ല. കേരളീയ ഗ്രാമങ്ങളുടെ ജലസംഭരണികളായിരുന്ന വയലുകളും കുളങ്ങളും കിണറുകളും ഒക്കെ നികത്തി. നീരോലിയും ചുന്ദരിയും ഐമുപ്പച്ചയും കൊന്നയും കുസൃതി കാട്ടി നിന്നിരുന്ന നമ്മുടെ പറമ്പതിരിലെ വേലികളും വയൽനടുവിലെ കൈതവരമ്പുക ളുമൊക്കെ മഴവെള്ളം മണ്ണിലേക്കിറങ്ങാൻ സഹായിച്ചിരുന്നു.

പറഞ്ഞിട്ടു കാര്യമല്ല. ഇനി നമുക്ക് ചെയ്യാവുന്നതെന്താണെന്ന് ചിന്തിക്കാം.

**1. ഇനിയും കാട് നശിപ്പിക്കാതിരിക്കുക.**

**2. തൂർന്നുപോയ കുളങ്ങളും കിണറു കളും ചിറകളും പുനരുജ്ജീവിപ്പിച്ചെടു ക്കുക.**

**3. മഴവെള്ളം മണ്ണിൽ താഴാൻ സഹാ യിക്കുന്ന തടങ്ങൾ, വരമ്പുകൾ, സസ്യ വേലികൾ, കാവുകൾ, തുറന്ന കുഴി കൾ എന്നിവ ഓരോ പുരയിടത്തിലും ഉണ്ടാക്കുക.**

**4. കുഴൽക്കിണറുകൾ പ്രോത്സാഹിപ്പി ക്കാതിരിക്കുക.**

**5. മഴവെള്ളക്കൊയ്ത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.**

**6. വ്യക്തിപരമായി ജലവിനിയോഗം നിയന്ത്രിക്കുക.**

**ഏറെ വൈകിപ്പോയി. എങ്കിലും ഇനി യെങ്കിലും നാമുണർന്നേ പറ്റൂ.**

